(ബി) ഹയർ സെക്കണ്ടറി അൺഎയ്ഡഡ് മേഖലയിലെ സീറ്റുകൾ ഉൾപ്പെടെ 25889 സീറ്റുകൾ ഒഴിഞ്ഞു കിടന്നിരുന്നു. വി.എച്ച്.എസ്.സി യിൽ സീറ്റുകൾ ഒഴിഞ്ഞു കിടന്നിരുന്നില്ല.

(സി) ഹയർ സെക്കന്ററിയിൽ 100 സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. വി.എച്ച്. എസ്.സി-യിൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടില്ല.

പ്ലസ് ടു-അധിക സീറ്റുകൾ/ബാച്ചുകൾക്ക് അപേക്ഷിച്ച സ്കൂളുകൾ

117 (7084) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ അധ്യയന വർഷത്തിൽ പ്ലസ് ടു-അധിക സീറ്റുകൾ/ബാച്ചുകൾക്ക് അപേക്ഷിച്ച സ്കൂളുകൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ?

ഉത്തരം

ഈ അധ്യയന വർഷം ഹയർസെക്കണ്ടറി അധിക ബാച്ചുകൾക്ക് അപേക്ഷിച്ച സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

അക്കാദമിക് സിറ്റി

118 (7085) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന അക്കാദമിക് സിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(ബി) അക്കാദമിക് സിറ്റി സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) ദുബായ് അക്കാദമിക് സിറ്റി മാതൃകയിൽ സംസ്ഥാനത്ത് ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലർ, ആസൂത്രണ ബോർഡ് അംഗം ശ്രീ. വിജയരാഘവൻ എന്നിവരടങ്ങിയ ഉന്നതതല സംഘം ദുബായ് അക്കാദമിക് സിറ്റി അധികൃതരുമായി ചർച്ച നടത്തി ബഹു. മുഖ്യ മന്ത്രിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നടപ്പാക്കുന്നത് സംബന്ധിച്ച് മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly